## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം
### (സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകൾക്ക് 2018-19 അദ്ധ്യയന വർഷം മുതൽ സ്പോർട്ട്സ് ക്വാട്ടയ്ക്ക് വേണ്ടി അധിക സീറ്റ് അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം.4208/എ1/2/2018/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 24.05.2018

---

പരാമർശം :
1. അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റിയുടെ 15.05.2018-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.
2. സർവ്വകലാശാലാ ഉത്തരവ് നം.4096/എ1/2/2018/അക്കാദമിക് തീയതി 21.05.2018.
3. അസ്സോസിയേഷൻ ഓഫ് കോളേജ് ടീച്ചേഴ്സ് ഇൻ ഫിസിക്കൽ എഡ്യുക്കേഷന്റെ 23.05.2018-ലെ അപേക്ഷ.
4. 23.05.2018 തീയതിയിലെ രജിസ്ട്രാർക്കുള്ള വൈസ് ചാൻസിലറുടെ കുറിപ്പ് നം. വി.സി.702/01/033/2018.

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകൾക്ക്, സ്പോർട്ട്സ് ക്വാട്ടയിൽ നിലവിൽ ഒരു പ്രോഗ്രാമിന് രണ്ട് സീറ്റ് എന്ന ക്രമത്തിൽ ഇന്റർചെയ്ഞ്ചബിലിറ്റി നൽകിയാണ് പ്രവേശനം നൽകിയിരുന്നത്. സ്പോർട്ട്സ് ക്വാട്ടയ്ക്കു വേണ്ടി, ബിരുദ തലത്തിൽ, ഓരോ പ്രോഗ്രാമിനും അനുവദിച്ചിരിക്കുന്ന സീറ്റിനു പുറമേ ഒരു സീറ്റു കൂടി അനുവദിക്കണമെന്നും, അലോട്ട്മെന്റ് തീരും വരെ പ്രവേശനം നടത്തണമെന്നും കാണിച്ച് കായികാധ്യാപകരുടെ സംഘടന അപേക്ഷ സമർപ്പിച്ചിരുന്നു. സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റി, ടി അപേക്ഷ പരിഗണിക്കുകയും, പരാമർശം (1) പ്രകാരം, 2018-19 അദ്ധ്യയന വർഷം മുതൽ സ്പോർട്ട്സ് ക്വാട്ടയ്ക്കു വേണ്ടി, ഓരോ ബിരുദ പ്രോഗ്രാമിനും ലഭ്യമായ രണ്ട് സീറ്റുകളിൽ ഒരു സീറ്റ് ജനറൽ മെറിറ്റിൽ നിന്നും, ഒരു സീറ്റ് പ്രോഗ്രാമിന് അനുവദിച്ചിരിക്കുന്ന എണ്ണത്തിന് അധികമായി ലഭ്യമാക്കുന്നതിനും, ജനറൽ മെറിറ്റിൽ നിന്നും ലഭ്യമാക്കുന്ന സീറ്റിൽ സ്പോർട്ട്സ് ക്വാട്ട പ്രവേശനം പൂർത്തീകരിക്കേണ്ട തീയതിക്കു മുൻപായി പ്രവേശനം നടക്കാത്ത പക്ഷം, ടി സീറ്റ് ജനറൽ വിഭാഗത്തിലേയ്ക്ക് തിരിച്ചു നൽകുന്നതിനും, അനുവദിച്ചിരിക്കുന്ന എണ്ണത്തിന്

അധികമായി നൽകിയ സീറ്റിൽ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനം പൂർത്തീകരിക്കുന്ന ദിവസം വരെ സ്പോർട്ട്സ് ക്വാട്ടയിലേയ്ക്ക് മാത്രം പ്രവേശനം നടത്തുന്നതിനും, 2018-19 അദ്ധ്യയന വർഷം മുതൽ സ്പോർട്ട്സ് ക്വാട്ട പ്രവേശത്തിനുള്ള സീറ്റുകൾക്ക് ഇന്റർചെയ്ഞ്ചബിലിറ്റി അനുവദിക്കേണ്ടതില്ല എന്നും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം, സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, ഇന്റർചെയ്ഞ്ചബിലിറ്റി പുനഃസ്ഥാപിച്ചുകൊണ്ട് മുൻവർഷങ്ങളിലെ മാനദണ്ഡങ്ങൾ തുടർന്നും പാലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അസ്സോസിയേഷൻ ഓഫ് കോളേജ് ടീച്ചേഴ്സ് ഇൻ ഫിസിക്കൽ എഡ്യുക്കേഷൻ പരാമർശം (3) പ്രകാരം, അപേക്ഷ സമർപ്പിച്ചിരുന്നു. സർവ്വകലാശാല ടി അപേക്ഷ പരിഗണിക്കുകയും, സ്പോർട്ട്സ് ക്വാട്ട പ്രവേശന മാനദണ്ഡങ്ങൾ 2017-18 വർഷത്തെ രീതിയിൽ തന്നെ 2018-19 വർഷവും തുടരുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ, തീരുമാനിക്കുകയും ചെയ്തു.

പരാമർശം (2)-ലെ സർവ്വകലാശാലാ ഉത്തരവ് തദനുസരണം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക വിഭാഗം 1)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾക്കും
2. ഡയറക്ടർ, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്ട്സ് സയൻസസ്
3. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
5. ജെ.ആർ (ഭരണ വിഭാഗം /പരീക്ഷ)
6. ഡി.ആർ/എ.ആർ. (ഭരണ വിഭാഗം/അക്കാദമിക വിഭാഗം/പരീക്ഷ)
7. പി.ആർ.ഒ./അന്വേഷണ വിഭാഗം
8. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എസി.സി.1
9. എസി.ബി 6/എസി.ബി 7 സെക്ഷനുകൾ
10. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/2/5445/2018

ഉത്തരവിൻ പ്രകാരം
ഒപ്പ്

സെക്ഷൻ ഓഫീസർ